**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** | **27-07-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എ. രാജ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരമുള്ള ക്ഷേമ പെൻഷനുകൾ, വിവാഹ ചികിത്സ സഹായ വിതരണം, മാനസിക വൈകല്യമുള്ളവർക്ക് പ്രതിമാസ പെൻഷൻ തുടങ്ങിയ പദ്ധതികൾ നടന്നു വരുന്നു. കോവിഡ് പ്രോട്ടോകോളിന്റെ അടിസ്ഥാനത്തിൽ പൊതു പരിപാടികൾക്ക് നിയന്ത്രണമുള്ളതിനാൽ ഇളവുകൾ അനുവദിക്കുന്ന മുറക്ക് മാത്രമേ ബോധവൽക്കരണ പരിപാടികൾ, അദാലത്തുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ നടപ്പിൽ വരുത്തുന്ന കാര്യം വഖഫ് ബോർഡിന് പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | വഖഫ് ബോർഡിലെ സി.ഇ.ഒ. നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സി.ഇ.ഒ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വഖഫ് വസ്തുവകകൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും ബോർഡിന്റെ വിവിധ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വഖഫ് വസ്തുക്കൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും, ബോർഡിന്റെ വിവിധ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും വഖഫ് ബോർഡ് കാലാകാലങ്ങളായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ